(ബി&സി) സ്വകാര്യ മേഖലയിൽ നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. Inox Renewable Energy Limited കഞ്ഞിക്കോട്ടുള്ള കിൻഫ്രയുടെ സ്ഥലത്ത് സ്ഥാപിക്കുന്ന 22 മെഗാവാട്ടിന്റെ കാറ്റാടി പദ്ധതി.

2. ഇടുക്കി ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന 50 മെഗാവാട്ടിന്റെ കല്ലാർ മൈക്രോ ജലവൈദ്യുത പദ്ധതി പൂർത്തിയാക്കി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ grid-ലേക്ക് synchronise ചെയ്യുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.

കൂടാതെ 'സോൾ ഹൈഡ്രോ പോളിസി' പ്രകാരം ചെറുകിട ജലവൈദ്യുത പദ്ധതികളിൽനിന്നുള്ള വൈദ്യുതി ഉൽപ്പാദനം 2017-ഓടെ 295 മെഗാവാട്ട് ആക്കി ഉയർത്തുന്നതിന് ലക്ഷ്യംവച്ച് എനർജി മാനേജ്മെന്റ് സെന്റർ 25 ചെറുകിട ജലവൈദ്യുത പദ്ധതികൾ BOOT അടിസ്ഥാനത്തിൽ സെലക്ട് ചെയ്തിട്ടുണ്ട്.

ഹാരിസൺ മലയാളം ലിമിറ്റഡിന്റെ ലേബർ ഹൗസുകൾക്ക് ഒ.വൈ.ഇ.സി. കണക്ഷൻ

34 (7870) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതികണക്ഷൻ ലഭിക്കാനായി എന്തൊക്കെ നിബന്ധനകളാണ് പാലിക്കേണ്ടത് ;

(ബി) പ്രസ്തുത നിബന്ധനകളെല്ലാം പാലിച്ചുകൊണ്ടായിരുന്നോ ഹാരിസൺ മലയാളം ലിമിറ്റഡിന്റെ ലേബർ ഹൗസുകൾക്ക് ഒ.വൈ.ഇ.സി പ്രകാരം കണക്ഷൻ നൽകിയത് ; അവർ നൽകിയ അപേക്ഷയുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഉടമസ്ഥാവകാശം തെളിയിക്കാനായി ഏതൊക്കെ രേഖകളാണ് ഹാജരാക്കേണ്ടത് ; കമ്പനി ഹാജരാക്കിയ രേഖ എന്താണ്; അതു നിയമാനുസൃതം സ്വീകര്യമാണോ ; എങ്കിൽ പ്രസ്തുത രേഖ മറ്റ് ഉപഭോക്താക്കൾക്കും ബാധകമാക്കാനായി നിയമത്തിൽ ഭേദഗതി വരുത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത കമ്പനി വൈദ്യുതി കണക്ഷനായി നൽകിയ ഇൻഡമ്നിറ്റി ബോണ്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; അതിൽ കമ്പനിയുടെ സ്റ്റാറ്റസ് (വാടകക്കാരൻ, പാട്ടക്കാരൻ, കൈവശക്കാരൻ) എന്താണ് നൽകിയിരുന്നത് ; ഇൻഡമ്നിറ്റി ബോണ്ട് പൂർണ്ണമായിരുന്നോ ; ഇത്തരത്തിലുള്ളവ നിയമാനുസൃതമാണോ എന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോറത്തോടൊപ്പം നിശ്ചിത ഫീസും സർവ്വീസ് കണക്ഷൻ ലഭിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയും അംഗീകൃത ഇലക്ട്രിക്കൽ വയർമാൻ, സൂപ്പർവൈസർ, കോൺട്രാക്ടർ എന്നിവർ ഒപ്പിട്ടുനൽകിയ കംപ്ലീഷൻ റിപ്പോർട്ടും കേരള സംസ്ഥാന വൈദ്യുതി കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2014, റെഗുലേഷൻ 44, 45, 46 എന്നിവയിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരമുള്ള തിരിച്ചറിയൽ രേഖയുടെ പകർപ്പും ഉടമസ്ഥാവകാശ/താമസ സർട്ടിഫിക്കറ്റും മേൽവിലാസം തെളിയിക്കുന്ന രേഖയുടെ പകർപ്പും ചേർത്ത് ബന്ധപ്പെട്ട സെക്ഷൻ ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്.

(ബി) അതേ. അപേക്ഷയുടെയും രേഖകളുടെയും പകർപ്പ് അനുബന്ധം 1 ആയി ചേർക്കുന്നു.*

(സി) ഉടമസ്ഥാവകാശം തെളിയിക്കുന്നതിനായി കേരള സംസ്ഥാന വൈദ്യുതി കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2014, റെഗുലേഷൻ 45 പ്രകാരമുള്ള രേഖയാണ് നൽകേണ്ടത്. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി മലയാലപ്പുഴ ഗ്രാമപഞ്ചായത്തിൽനിന്നുള്ള ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റാണ് പ്രസ്തുത കമ്പനി ഹാജരാക്കിയത്. ഈ രേഖ നിയമാനുസൃതം സ്വീകാര്യമാണ്. ഈ നിബന്ധന എല്ലാ ഉപഭോക്താക്കൾക്കും ബാധകമാണ്.

(ഡി) ഇൻഡമ്നിറ്റി ബോണ്ടിന്റെ പകർപ്പ് അനുബന്ധം 2 ആയി ചേർക്കുന്നു.* ഇതിൽ കമ്പനിയുടെ സ്റ്റാറ്റസ് കൈവശാവകാശക്കാരൻ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഹാരിസൺ മലയാളം ലിമിറ്റഡിന്റെ കമ്പഴയിലുള്ള ലേബർ ഹൗസുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി ഇൻഡമ്നിറ്റി ബോണ്ടിന്റെ ആവശ്യം ഉണ്ടായിരുന്നില്ല. മേൽപ്പറഞ്ഞ ലേബർ ഹൗസുകളിൽ നിലവിൽ കമ്പഴ എസ്റ്റേറ്റിലെ ഹൈടെൻഷൻ കണക്ഷനിൽനിന്നും കോളനി സപ്ലൈ ആയി കണക്ഷൻ നിലവിലുണ്ടായിരുന്നു. ഇതുമാറ്റി ലേബർ ഹൗസുകൾക്ക് പ്രത്യേകം പ്രത്യേകം കണക്ഷനുകൾ നൽകുന്നതിനുവേണ്ടിയാണ് ടി അപേക്ഷ സമർപ്പിച്ചത്. റവന്യൂ അധികാരികളിൽനിന്നുള്ള രേഖകൾ സമർപ്പിക്കാതിരുന്ന സാഹചര്യത്തിലാണ് പ്രസ്തുത ഇൻഡമ്നിറ്റി ബോണ്ട് ഹാജരാക്കിയിരുന്നത്. എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് നിരീക്ഷണമനുസരിച്ച് ഈ വിഷയം പത്തനംതിട്ട ജില്ലാ കളക്ടറുടെ ശ്രദ്ധയിൽ കൊണ്ടുവരികയും കളക്ടറുടെ ഉത്തരവ് പ്രകാരം ടി കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്